ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 31.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിൽ നടക്കുന്ന ഭാരത് പർവിൻ്റെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും.

   **As part of the Republic Day celebrations, Vice President C. P. Radhakrishnan will attend the closing ceremony of Bharat Parv as the chief guest in New Delhi today.**

2. 2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ബജറ്റ് അവതരണത്തിന് ശേഷം കോളേജ് വിദ്യാർത്ഥികളുമായി ധനമന്ത്രി സംവദിക്കും.

   **The Union Budget for 2026–27 will be presented tomorrow in the Lok Sabha by Finance Minister Nirmala Sitharaman. After the budget presentation, the Finance Minister will interact with college students.**

3. ആർത്തവ ശുചിത്വം മൗലിക അവകാശമെന്ന് സുപ്രീം കോടതി; സ്കൂളുകളിൽ പെൺകുട്ടികൾക്കായി മതിയായ ശുചിമുറിയും സൗജന്യ സാനിറ്ററി നാപ്കിനുകളും ഉറപ്പാക്കാനും നിർദ്ദേശം.

   **The Supreme Court rules menstrual hygiene a fundamental right and directed that adequate toilet facilities and free sanitary napkins be ensured for girls in schools.**

4. കേരളത്തിൽ കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട പരാതികൾ സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും അപേക്ഷകൾ തുടർന്നും സമർപ്പിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ.

**Although the deadline for submitting complaints related to the draft voter list in Kerala has ended, Chief Electoral Officer Ratan U. Kelkar has said that applications can still be submitted.**

5. ഇന്ത്യയിൽ നിന്നുള്ള നിപ വൈറസ് വ്യാപനം കുറഞ്ഞിട്ടുണ്ടെന്നും യാത്ര - വ്യാപാര നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്നും ലോകാരോഗ്യ സംഘടന.

**The World Health Organisation (WHO) has clarified that the risk of the deadly Nipah virus spreading from India remains low and does not warrant any travel or trade restrictions.**

6. ഇന്ത്യ- ന്യൂസിലാൻറ് ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ഇന്ന് തിരുവനന്തപുരത്ത്.

**The final match of the India–New Zealand Twenty - 20 cricket series will be played today in Thiruvananthapuram.**

&&&&&&&&&&&&&&&&&&&&

## BHARAT PARV-VP

റിപ്പബ്ലിക് ദിനാഘോഷങ്ങളുടെ ഭാഗമായി ന്യൂഡൽഹിയിൽ നടക്കുന്ന ഭാരത് പർവിൻ്റെ സമാപന ചടങ്ങിൽ ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് മുഖ്യാതിഥിയായി പങ്കെടുക്കും. എല്ലാ വർഷവും ജനുവരി 26 മുതൽ 31 വരെ കേന്ദ്ര ടൂറിസം മന്ത്രാലയമാണ് ഭാരത് പർവ് സംഘടിപ്പിക്കുന്നത്. ഇന്ന് ഉച്ച മുതൽ രാത്രി 9 മണി വരെ പൊതുജനങ്ങൾക്ക് പരിപാടിയിൽ പങ്കെടുക്കാം.

&&&&&&&&&&&&&&&&&&&&

## MOR NIRMALA-BUDGET

2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭ യിൽ അവതരിപ്പിക്കും. ലോക്സഭയിൽ

അവതരിപ്പിച്ചതിനുശേഷം, ബജറ്റിന്റെ പകർപ്പ് രാജ്യസഭയിൽ മേശപ്പുറത്ത് വയ്ക്കും. കേന്ദ്രധനമന്ത്രിയായി ചുമതലയേറ്റതിനുശേഷം ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒമ്പതാമത്തെ ബജറ്റാണിത്. ബജറ്റ് പ്രസംഗം പൂർത്തിയായ ശേഷം മൊബൈൽ ആപ്പിലും വെബ്സൈറ്റിലും രേഖകൾ ലഭ്യമാകും. കേന്ദ്ര ബജറ്റ് അവതരണത്തിന് ശേഷം രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മുപ്പതോളം കോളേജ് വിദ്യാർത്ഥികളുമായി ധനമന്ത്രി സംവദിക്കും.

&&&&&&&&&&&&&&&&&&&&

## PIB FACT CHECK-BUDGET

2026-27 ലെ കേന്ദ്ര ബജറ്റിന്റെ സ്കാൻ ചെയ്ത പകർപ്പ് ഒരു മെസഞ്ചർ ആപ്പിൽ ചോർന്നതായി സമൂഹമാധ്യമത്തിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. സന്ദേശം വ്യാജമാണെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോ യുടെ ഫാക്ട്ചെക്ക് വിഭാഗം അറിയിച്ചു. പ്രചരിക്കുന്ന ചിത്രങ്ങളി ലൊന്ന് 2025-26 ലെ കേന്ദ്ര ബജറ്റിൻറേതാണെന്നും പി ഐ ബി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## SUPREME COURT- RIGHT TO MENSTRUAL HYGIENE

ആർത്തവ ശുചിത്വം ഭരണഘടനയുടെ 21-ാം അനുച്ഛേദപ്രകാരം അന്തസ്സോടെ ജീവിക്കാനുള്ള അവകാശത്തിൻറെ അവിഭാജ്യ ഘടകമാണെന്ന് സുപ്രീം കോടതി. പെൺകുട്ടികൾക്ക് സ്കൂളുകളിൽ സൗജന്യമായി സാനിറ്ററി നാപ്കിനുകളും മതിയായ ശുചിമുറി സൗകര്യങ്ങളും ഉറപ്പാക്കാൻ സംസ്ഥാനങ്ങൾക്ക് കോടതി നിർദ്ദേശം നൽകി. പെൺകുട്ടികളുടെയും സ്ത്രീകളുടെയും അന്തസ്സും ആരോഗ്യവും സമത്വവും ഉറപ്പാക്കുന്നതിനും ഉത്തരവിട്ടു.

&&&&&&&&&&&&&&&&&&&&

## YADAV - RAMSAR NETWORK(INTRO)

റാംസർ പട്ടികയിൽ ഇന്ത്യയിൽ നിന്നുള്ള രണ്ട് പുതിയ തണ്ണീർത്തടങ്ങൾ കൂടി ഇടം നേടി. ഉത്തർപ്രദേശിലെ എറ്റാ ജില്ലയിലെ പട്ന പക്ഷിസങ്കേതവും ഗുജറാത്തിലെ കച്ച് ജില്ലയിലെ ഛരി-ധണ്ട് പക്ഷിസങ്കേതവുമാണ് പട്ടികയിൽ ഉൾപ്പെട്ടത്.

വിശദാംശങ്ങളിലേക്ക്...
(വോയ്സ്)

&&&&&&&&&&&&&&&&&&&&

## YADAV - RAMSAR NETWORK(VOICE)

2014-ൽ 26 സ്ഥലങ്ങളായിരുന്ന റാംസർ പട്ടികയിൽ നിലവിൽ 98 ഇടങ്ങളാണ് ഉള്ളത്. പരിസ്ഥിതി- തണ്ണീർത്തട സംരക്ഷണത്തിനുള്ള ഇന്ത്യയുടെ ശക്തമായ പ്രതിബദ്ധത അന്താരാഷ്ട്രശ്രദ്ധ ആകർഷിക്കുന്നതിന് തെളിവാണിതെന്ന് കേന്ദ്രമന്ത്രി ഭൂപേന്ദ്ര യാദവ് പറഞ്ഞു. രണ്ട് തണ്ണീർത്തടങ്ങളും നൂറുകണക്കിന് ദേശാടന പക്ഷികൾക്ക് ഉൾപ്പെടെ സുരക്ഷിത ആവാസവ്യവസ്ഥ ഒരുക്കും. വംശനാശഭീഷണി നേരിടുന്ന പക്ഷികൾക്ക് പുറമേ, ചിങ്കാര, ചെന്നായ്ക്കൾ, കാരക്കൽ, മരുഭൂമിയിൽ കാണപ്പെടുന്ന പൂച്ചകൾ, കുറുക്കൻ തുടങ്ങിയ വന്യജീവികളുടെയും വാസസ്ഥലമാണ് ഈ പ്രദേശങ്ങൾ. പട്ന പക്ഷിസങ്കേതവും ഛരി-ധണ്ട് പക്ഷിസങ്കേതവും റാംസർ പട്ടികയിൽ ഉൾപ്പെടുത്തിയതിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സന്തോഷം പ്രകടിപ്പിച്ചു. ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനുമുള്ള സർക്കാരിൻറെ പ്രതിബദ്ധതയെ ഈ അംഗീകാരങ്ങൾ ഊട്ടിയുറപ്പിക്കുന്നുവെന്നും ശ്രീ മോദി പറഞ്ഞു. എണ്ണമറ്റ ദേശാടന, തദ്ദേശീയ ജീവിവർഗങ്ങൾക്ക് സുരക്ഷിതമായ ആവാസ വ്യവസ്ഥകളായി ഈ തണ്ണീർത്തടങ്ങൾ തുടർന്നും നിലകൊള്ളുമെന്നും പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. ന്യൂസ് ഡെസ്ക് ആകാശവാണി....

&&&&&&&&&&&&&&&&&&&&

## 39TH SURAJKUND

39-ാമത് സൂരജ് കുണ്ഡ് അന്താരാഷ്ട്ര കരകൗശല മേള ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഹരിയാനയിലെ ഫരീദാബാദിൽ ഉദ്ഘാടനം ചെയ്തു. 'ലോക്കൽ ടു ഗ്ലോബൽ' എന്നതാണ് മേളയുടെ ഇത്തവണത്തെ പ്രമേയം. ഉത്തർപ്രദേശിനെയും മേഘാലയെയും പ്രതിപാദിക്കുന്ന മേളയിൽ ഈജിപ്ത് പങ്കാളി രാഷ്ട്രമായി പങ്കെടുക്കുന്നു.

&&&&&&&&&&&&&&&&&&&&

## PM - PUNJAB

ഗുരു രവിദാസിൻറെ 649-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ പഞ്ചാബ് സന്ദർശിക്കും. ആദംപൂർ വിമാനത്താവളത്തിന് ഗുരു രവിദാസിൻറെ പേര് നൽകുന്ന ചടങ്ങിൽ അദ്ദേഹം പങ്കെടുക്കും. ലുധിയാനയിലെ ഹൽവാര വിമാനത്താവളത്തിലെ പുതിയ ടെർമിനലും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&&&

## REV INDIA ARAB-UAE VISIT

ഇന്ത്യ-അറബ് വിദേശകാര്യ മന്ത്രിമാരുടെ രണ്ടാമത് യോഗം ഇന്ന് ന്യൂഡൽഹിയിൽ നടക്കും. യോഗത്തിൽ പങ്കെടുക്കാൻ യുഎഇ വിദേശകാര്യ സഹമന്ത്രി ഖലീഫ ഷഹീൻ അൽ മാ-രർ, ഒമാൻ വിദേശകാര്യ മന്ത്രി ബാദെർ അൽബുസൈദി എന്നിവർ ന്യൂഡൽഹിയിലെത്തി. ഇരു നേതാക്കളുടെയും സന്ദർശനം യുഎഇ, ഒമാൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ സമഗ്ര തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്തുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&&

## SWATHCHTHA PAKWADA

സ്വച്ഛത പക്വാഡയുടെ ഭാഗമായി സി.ബി.സിയുടെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം കുന്നുംപുറം ചിന്മയ വിദ്യാലയത്തിൽ ബോധവൽകരണ പരിപാടി സംഘടിപ്പിച്ചു. സ്കൂൾ പരിസരത്ത് വൃക്ഷത്തൈയും നട്ടു. സ്കൂൾ പ്രിൻസിപ്പൽ ബീന എൻ. ആർ. ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&&&

## PM-PRAGATI SPECIAL STORY

സുപ്രധാന അടിസ്ഥാന സൗകര്യ പദ്ധതികളുമായി ബന്ധപ്പെട്ട തടസ്സങ്ങളും, പരാതികളും തത്സമയം നിരീക്ഷിച്ച് പരിഹാരം കണ്ടെത്തുന്നതിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന പ്രഗതി പോർട്ടൽ നിർണായക പങ്ക് വഹിക്കുന്നു. പ്രഗതി സംരംഭം ഇന്ത്യൻ റെയിൽവെയിൽ കൊണ്ടുവന്ന മാറ്റങ്ങൾ

ഇന്ന് പരിശോധിക്കാം. റെയിൽവെയുടെ 97 ഉന്നതതല പദ്ധതികൾ പ്രഗതിയിലൂടെ വിലയിരുത്തിയിട്ടുണ്ട്. തമിഴ്നാട്ടിലെ പാമ്പനിലുള്ള ഇന്ത്യയിലെ ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് സീ ബ്രിഡ്ജ് തുടങ്ങി അതിസങ്കീർണ്ണമായ പദ്ധതികൾ വരെ വിജയകരമായി പൂർത്തിയാക്കി.

&&&&&&&&&&&&&&&&&&&&

## ANOUNCEMENT

കോട്ടയം, എറണാകുളം ജില്ലകളിലേക്കും കേന്ദ്രഭരണ പ്രദേശമായ ലക്ഷദ്വീപിലേക്കും ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷ ഇന്ന് കൂടി സമർപ്പിക്കാം. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കി.മീ ചുറ്റളവിൽ സ്ഥിരതാമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് newsonair.gov.in, prasarbharati.gov.in/pbvacancies എന്നിവ സന്ദർശിക്കുക.

&&&&&&&&&&&&&&&&&&&&

## ROY CHACKO – RTD

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ദീർഘകാലത്തെ സേവനത്തിന് ശേഷം ഡപ്യൂട്ടി ഡയറക്ടർ ന്യൂസ് സ്ഥാനത്ത് നിന്നും റോയ് ചാക്കോ ഇന്ന് വിരമിക്കും. പബ്ലിക്കേഷൻസ് ഡിവിഷൻ, പിഐബി, ഡിഎഫ് പി എന്നീ സ്ഥാപനങ്ങളിലും തിരുവനന്തപുരം ആകാശവാണി പ്രാദേശിക വാർത്താ വിഭാഗത്തിലും ദീർഘനാൾ പ്രവർത്തിച്ചിട്ടുണ്ട്. ആകാശവാണി ബംഗളൂരു വാർത്താ വിഭാഗം മേധാവിയായി സേവനം അനുഷ്ഠിച്ച് വരികയായിരുന്നു.

&&&&&&&&&&&&&&&&&&&&

## IND-NZ – T-20

ഇന്ത്യ- ന്യൂസിലാൻഡ് ടി 20 പരമ്പരയിലെ അഞ്ചാം മത്സരം ഇന്ന് തിരുവനന്തപുരത്ത് നടക്കും. രാത്രി 7 മണിക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് പോരാട്ടം. മലയാളി താരം സഞ്ജു സാംസൺ ഇറങ്ങുന്നതിൻറെ ആവേശത്തിലാണ് ക്രിക്കറ്റ് ആരാധകർ.

&&&&&&&&&&&&&&&&&&&&&

## SOIL HEALTH CARDS (INTRO)

രാജ്യത്തുടനീളമുള്ള കർഷകർക്ക് ഇതുവരെ 25 കോടിയിലധികം സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തതായി കേന്ദ്രസർക്കാർ. മണ്ണിലെ പോഷകങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് 2015 ലാണ് ഈ പദ്ധതി ആരംഭിച്ചത്.
**ഒരു റിപ്പോർട്ട്...**
(വോയ്സ്)

&&&&&&&&&&&&&&&&&&&&&

## SOIL HEALTH CARDS (VOICE)

കഴിഞ്ഞ ജൂലൈ വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്തുടനീളം 93,000 ത്തിലധികം കർഷക പരിശീലന പരിപാടികളാണ് പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചത്.
6 ലക്ഷത്തിലധികം ഫീൽഡ് പ്രദർശനങ്ങളും നിരവധി പ്രചാരണ പരിപാടികളും നടന്നു. രണ്ട് വർഷത്തിലൊരിക്കലാണ് സോയിൽ ഹെൽത്ത് കാർഡിൻറെ വിതരണം. മണ്ണിൻറെ പോഷക നിലവാരത്തെയും ഭൗതിക ഘടനകളെയും കുറിച്ച് സമഗ്രമായ ബോധവത്കരണമാണ് ഇതിൻറെ ലക്ഷ്യം. രാസവളങ്ങൾ, ജൈവ വളങ്ങൾ, ജൈവ ഉൽപന്നങ്ങൾ, മണ്ണ് സംരക്ഷണം എന്നിവയ്ക്ക് സോയിൽ ഹെൽത്ത് കാർഡ് പദ്ധതി പിന്തുണ നൽകുന്നു.
ന്യൂസ് ഡെസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&&&

## CEO - SIR

കേരളത്തിൽ SIR ന്റെ ഭാഗമായുള്ള കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ. ഇതുവരെ ലഭിച്ച അംഗീകരിക്കപ്പെട്ട അപേക്ഷകൾ ഉൾപ്പെടുത്തി ഫെബ്രുവരി 21-ന് അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. പിന്നീട് വരുന്ന അപേക്ഷകൾ അന്തിമ വോട്ടർപട്ടിക

പ്രസിദ്ധീകരിച്ചതിന് ശേഷം മാത്രമേ തീർപ്പാക്കുകയുള്ളൂവെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## LOKA KERALA SABHA

അഞ്ചാമത് ലോക കേരള സഭയ്ക്ക് ഇന്ന് സമാപനമാകും. 7 മേഖലാ യോഗങ്ങളുടെ റിപ്പോർട്ടിംഗ്, 8 വിഷയാടിസ്ഥാനത്തിലുള്ള സമിതികളുടെ റിപ്പോർട്ടിംഗ്, വീഡിയോ അവതരണങ്ങൾ എന്നിവ ഇന്ന് നടന്നു. ഉച്ചയ്ക്ക് 2.30 ന് മുഖ്യമന്ത്രിയുടെ മറുപടി പ്രസംഗമുണ്ടാകും.

&&&&&&&&&&&&&&&&&&&&

## WHO-NIPAH

ഇന്ത്യയിൽ നിന്നുള്ള നിപ വൈറസ് വ്യാപനം കുറഞ്ഞിട്ടുണ്ടെന്നും യാത്ര - വ്യാപാര നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്നും ലോകാരോഗ്യ സംഘടന. പശ്ചിമ ബംഗാളിൽ രണ്ട് നിപ ബാധ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് ഇക്കാര്യത്തിൽ വ്യക്തത വരുത്തിയത്. ഇന്ത്യയിലെ സ്ഥിതിഗതികൾ നിരീക്ഷിച്ചു വരികയാണെന്നും WHO അറിയിച്ചു. അതെസമയം, നിപ ബാധയുമായി ബന്ധപ്പെട്ട് ചില മാധ്യമങ്ങൾ നൽകുന്ന കണക്കുകൾ വാസ്തവവിരുദ്ധമാണെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&&

## GOLD RATE

സ്വർണ്ണവില കുറഞ്ഞു. പവന് 6,320 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 17,760 രൂപയും, ഗ്രാമിന് 14,720 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&&&

## NIYAMA SABHA

സംസ്ഥാന നിയമസഭ സമ്മേളനം മറ്റെന്നാൾ പുനരാരംഭിക്കും. ബജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച നടക്കും. ബജറ്റിൻമേലുള്ള പൊതുചർച്ച മൂന്ന് ദിവസം തുടരും.

&&&&&&&&&&&&&&&&&&&&

## UN-FINANCIAL COLLAPSE

അംഗരാജ്യങ്ങൾ വിഹിതം അടയ്ക്കാത്തതിനാൽ ഐക്യരാഷ്ട്ര സംഘടന സാമ്പത്തിക തകർച്ചയുടെ വക്കിലാണെന്ന് സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. അംഗരാജ്യങ്ങൾക്ക് അയച്ച കത്തിലാണ് അദ്ദേഹം ആശങ്ക പങ്കുവച്ചത്. യുഎന്നിന്റെ പതിവ് പ്രവർത്തനങ്ങൾക്ക് ജൂലൈ മാസത്തോടെ പണം ഇല്ലാതാകുമെന്ന് ഗുട്ടെറസ് പറഞ്ഞു. യുഎന്നിലേക്ക് ഏറ്റവും വലിയ സംഭാവന നൽകുന്ന രാജ്യമായ അമേരിക്ക കുടിശ്ശിക അടയ്ക്കാത്തതിനാലാണ് പ്രതിസന്ധി രൂക്ഷമായത്.

&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&&